**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 831** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ മുടങ്ങിയതു കാരണം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **പട്ടികജാതി**<br><br>2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ തുക പൂർണമായും വിനിയോഗിച്ച് കൊണ്ട് പട്ടികജാതി വിഭാഗം വിദ്യാർഥികളുടെ 2022-23, 2023-24 അധ്യയന വർഷങ്ങളിലെ അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ 2023-24 വരെയുള്ള ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ക്ലെയിമുകളുടെ കുടിശ്ശിക വിതരണം പൂർത്തീകരിക്കുന്നതിനായി അധിക തുക വകയിരുത്തി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>**പട്ടികവർഗ്ഗം**<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ വിതരണം മുടങ്ങിയിട്ടില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ നാളിതുവരെയും സംസ്ഥാന സർക്കാരിന്റെ ഇ ഗ്രാൻഡ്സ് പോർട്ടൽ മുഖേനയാണ് അനുവദിച്ച് നൽകിയിരുന്നത്. എന്നാൽ 2021 ലെ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ SNA-PFMS സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകാവൂ നിബന്ധന ഉണ്ടായിരുന്നതിനാലും ആയത് നടപ്പിലാക്കാൻ വന്ന സാങ്കേതിക തടസങ്ങളുമാണ് വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും യഥാ സമയം ഇ-ഗ്രാൻഡ്സ് അനുവദിക്കുന്നതിൽ കാലതാമസം നേരിടാൻ ഇടയാക്കിയത്. ഇത്തരത്തിൽ വന്ന കുടിശ്ശിക SNA-PFMS, SNA - ഇന്റഗ്രേഷൻ, BIMS |

| | | | |
|---|---|---|---|
| | | | എന്നീ സംവിധാനങ്ങൾ മുഖേന അനുവദിച്ചു വരുന്നു. തുക പൂർണ്ണമായും അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | ട്യൂഷൻ ഫീസ്, യൂണിഫോം അലവൻസ്, ഹോസ്റ്റൽഫീസ് തുടങ്ങിയ ആനുകൂല്യങ്ങൾ മുടങ്ങിയതിനാൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുന്ന ഗുരുതര പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | **<u>പട്ടികജാതി</u>**<br><br>പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് വിതരണത്തിലെ കാലതാമസം മൂലം വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>**<u>പട്ടികവർഗ്ഗം</u>**<br><br>ട്യൂഷൻ ഫീസ്, യൂണിഫോം അലവൻസ്, ഹോസ്റ്റൽഫീസ് തുടങ്ങിയ ആനുകൂല്യങ്ങൾ മുടങ്ങിയതിനാൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുന്ന സ്ഥിതി നിലവിൽ ഇല്ല. |
| (സി) | ഫണ്ടിന്റെ അപര്യാപ്തത മൂലമാണോ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുടങ്ങിയിട്ടുള്ളതെന്നും ഈ ആവശ്യത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള ബജറ്റ് വിഹിതം എത്രയാണെന്നും നാളിതുവരെ എത്ര രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ; | (സി) | **<u>പട്ടികജാതി</u>**<br><br>പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് വിതരണത്തിനായി 2024-25 സാമ്പത്തിക വർഷം 2225-01-277-51-02-12(P) ശീർഷകത്തിൽ സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിനായി 73 കോടി രൂപയും 2225-01-277-53-12(P) ശീർഷകത്തിൽ അധിക സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിനായി 150 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. ഇതിൽ സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിനായുള്ള ശീർഷകത്തിലെ തുക വിനിയോഗിച്ച് സംസ്ഥാന വിഹിതം വിതരണം ചെയ്തു വരുന്നു. പ്രസ്തുത ഇനത്തിൽ നിലവിൽ കുടിശ്ശികയില്ല. അധിക സംസ്ഥാന ധനസഹായം വിതരണം ചെയ്യുന്നതിനായുള്ള ശീർഷകത്തിലെ 150 കോടി രൂപയിൽ നിന്നും 30 കോടി രൂപ വിനിയോഗിച്ച് 2022-23 വർഷത്തെ കുടിശ്ശികയും ശേഷിക്കുന്ന 120 കോടി രൂപ വിനിയോഗിച്ച് 2023-24 വർഷത്തെ കുടിശ്ശികയും വിതരണം ചെയ്തു.<br><br>നിലവിൽ 2022-23 വർഷത്തെ കുടിശിക തുക 1.65 കോടിയും 2023-24 വർഷത്തെ കുടിശിക ഇനത്തിൽ 108.35 കോടിയും ഉൾപ്പെടെ ആകെ 110 കോടി രൂപയാണ് കുടിശ്ശിക വിതരണം ചെയ്യാനുള്ളത്.<br><br>**<u>പട്ടികവർഗ്ഗം</u>**<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ വിതരണം മുടങ്ങിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ |

| | | | |
|---|---|---|---|
| | | | SNA-PFMS സംവിധാനം മുഖേന മാത്രമേ അനുവദിച്ച നൽകാവൂ എന്ന നിബന്ധന ഉണ്ടായിരുന്നതിനാലും ആയത് നടപ്പിലാക്കാൻ വന്ന സാങ്കേതിക തടസങ്ങളും മൂലം യഥാ സമയം ഇ ഗ്രാൻഡ്സ് അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്.<br><br>നടപ്പ സാമ്പത്തിക വർഷം പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (പ്ലാൻ) ശീർഷകത്തിൽ 48 കോടി രൂപ വകയിരുത്തിയതിൽ 43.5 കോടി രൂപ ചെലവഴിച്ച കഴിഞ്ഞു. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയ 6.3 കോടി രൂപയിൽ 5.7 കോടി രൂപയും ചെലവഴിച്ച കഴിഞ്ഞു .<br><br>പ്രീമെട്രിക് സ്കോളർഷിപ്പ് (നോൺ പ്ലാൻ) ശീർഷകത്തിൽ 17.32 കോടി രൂപ വകയിരുത്തിയതിൽ 4.4 കോടി രൂപ ചെലവഴിച്ച കഴിഞ്ഞു. |
| (ഡി) | അടിയന്തരമായി ഫണ്ട് അനുവദിച്ചകൊണ്ട് മുഴുവൻ കുടിശ്ശികയും വിതരണം ചെയ്യവാൻ സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | **<u>പട്ടികജാതി</u>**<br><br>പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ 2023-24 വരെയുള്ള ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ക്ലെയിമുകളുടെ കുടിശ്ശിക വിതരണം പൂർത്തീകരിക്കുന്നതിനായി അധിക തുക വകയിരുത്തി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>**<u>പട്ടികവർഗ്ഗം</u>**<br><br>നടപ്പ സാമ്പത്തിക വർഷം പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനുവദിച്ച നൽകാൻ മുൻവർഷത്തെ അപേക്ഷിച്ച് 13 കോടി രൂപയും പ്രീ മെട്രിക് സ്കോളർഷിപ്പ് അനുവദിച്ച നൽകാൻ മുൻവർഷത്തെ അപേക്ഷിച്ച് 82 ലക്ഷം രൂപയും അധികം വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിന്നും കുടിശ്ശിക ഇനത്തിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ച നൽകാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ